## HADIA CSE Khutba Notes (17.01.2020)

### പൗരത്വ നിയമം; ഇനിയെന്ത്?

പ്രിയപ്പെട്ട ഖതീബുമാരേ, വരുന്ന 22 ബുധനാഴ്ച ബഹുമാനപ്പെട്ട സുപ്രീംകോടതി ഇഅഅ ക്കെതിരെ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള ഹരജികൾ പരിഗണിക്കുകയാണല്ലോ. ഇന്ത്യൻ മുസ്ലിംകളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായും രാജ്യത്തെ ഇതര മതേതര ചിന്താഗതിക്കാരെ സംബന്ധിച്ചിടത്തോളം പൊതുവായും വളരെ നിർണായകമായ ഒരു ദിവസം. അതുകൊണ്ട് വരുന്ന വെള്ളിയാഴ്ച (ജനുവരി 17) ഒരു മഹല്ലത്തിന്റെ ഇമാം (നേതാവ്) എന്ന നിലക്ക് ഇതിനെക്കുറിച്ച് തന്നെയാണ് നാം നമ്മുടെ സംബോധിതരോട് പറയേണ്ടത്. ഇത്തരം നിർണായക സാഹചര്യങ്ങളിലല്ലാതെ പിന്നെ എപ്പോഴാണ് നാം നമ്മുടെ നേതൃപദവി (ഇമാമത്ത്) സമൂഹത്തിന് വേണ്ടി ക്രിയാത്മകമായി ഉപയോഗിക്കുക?! അതുകൊണ്ട് അടുത്ത ആഴ്ചത്തെ പ്രഭാഷണം ഏറെ ഹോംവർക്ക് ചെയ്ത്, പഠിച്ച്, വാക്കുകളും ആശയങ്ങളും ശ്രദ്ധയോടെ ഉപയോഗിച്ച് നിർവഹിക്കുക. പ്രസംഗത്തിൽ ഉൾപ്പെടുത്താവുന്ന ചില കാര്യങ്ങളാണ് സൂചനകളായി ഇവിടെ കൊടുത്തിരിക്കുന്നത്. നിങ്ങൾക്ക് സാഹചര്യം പോലെ വികസിപ്പിക്കാം. സംസാരത്തിന്റെ ആകെത്തുക നമുക്കു മുന്നിലുള്ള ഈ പ്രതിസന്ധിയെ ജനാധിപത്യം അനുവദിക്കുന്ന മാർഗത്തിലൂടെയുള്ള നിരന്തരമായ സമരങ്ങളിലൂടെ മറികടക്കാൻ സാധിക്കുമെന്ന ആത്മവിശ്വാസം നൽകലായിരിക്കണം.

(എ) ഇത്രയും നാൾ ചഞഇ  ഇഅഅ എന്നിവക്കെതിരെയുള്ള സമരങ്ങളാൽ മുഖരിതമായിരുന്നു ഭാരതത്തിന്റെ അന്തരീക്ഷം. ഭരണപക്ഷം നിഷേധിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും പ്രസ്തുത സമരപരമ്പര കൊണ്ട് നിരവധി നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നത് വളരെ വ്യക്തമാണ്. ചില ഉദാഹരണങ്ങൾ: മതേതര കക്ഷികൾക്കും വിഭാഗങ്ങൾക്കുമിടയിലെ അഭൂതപൂർവമായ ഒരുമയും ഐക്യവും, വിവിധ മുസ്ലിം സംഘടനകൾക്കിടയിലെ ഏകോപനം, ഭരണകക്ഷികൾക്കിടയിലെ ചെറുതല്ലാത്ത ഭിന്നത, പ്രധാന - ആഭ്യന്തര- ഇതര മന്ത്രിമാർക്ക് ഇടക്കിടെ അവരുടെ പഴയ വാക്കുകൾ മാറ്റി പറയേണ്ട ഗതികേട്, മുസ്‌ലിം ഉമ്മത്തിനിടയിൽ (പ്രത്യേകിച്ച് മഹല്ലത്തുകളിൽ) ഉരുത്തിരിഞ്ഞു വന്ന ഈമാനികമായ ആവേശം.

ഇത്തരം അനുഭവങ്ങൾ നൽകുന്ന സന്ദേശം ഇതാണ്; പ്രതിഷേധങ്ങൾ ഇനിയും നിറുത്താതെ പൂർവോപരി ശക്തമായി തുടരുക തന്നെ വേണം, യാതൊരു സംശയവുമില്ല.

(ബി) പരമോന്നത നീതിപീഠം കേസ് പരിഗണിക്കാൻ ദിവസങ്ങൾ മാത്രമാണ് ഇനി അവശേഷിക്കുന്നത്. അതുകൊണ്ട് വരുംനാളുകളിൽ പ്രതിഷേധ പരിപാടികളെക്കാൾ നാം പ്രാധാന്യം നൽകേണ്ടത് മനസ്സ് തുറന്നുള്ള പ്രാർഥനകൾക്കാണ്. ഇപ്പോൾ നടക്കുന്നത് വർഗീയതയും ഭാരതീയതയും തമ്മിലുള്ള പോരാട്ടമാണല്ലോ. പ്രവാചകൻ (സ) പ്രാർഥനയെ വിശ്വാസികളുടെ ആയുധം (സിലാഹ്) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത് (ഹാകിം).

(സി) മാത്രമല്ല, എല്ലാം നിയന്ത്രിക്കുന്നവനും (മുദബ്ബിർ) സകല ഭരണാധികാരികളുടെയും അധികാരിയും (മാലികുൽ മുലൂക്) ഹൃദയ ചിന്തകളെ മാറ്റിമറിക്കുന്നവനും (മുഖല്ലിബുൽ ഖുലൂബ്) അല്ലാഹുവാണല്ലോ.

**يُدَبِّرُ الْأَمْرَ مِنَ السَّمَاءِ إِلَى الْأَرْضِ ثُمَّ يَعْرُجُ إِلَيْهِ فِي يَوْمٍ كَانَ مِقْدَارُهُ أَلْفَ سَنَةٍ مِمَّا تَعُدُّونَ (السجدة)**

**قُلِ اللَّهُمَّ مَالِكَ الْمُلْكِ تُؤْتِي الْمُلْكَ مَنْ تَشَاءُ وَتَنْزِعُ الْمُلْكَ مِمَّنْ تَشَاءُ وَتُعِزُّ مَنْ تَشَاءُ وَتُذِلُّ مَنْ تَشَاءُ بِيَدِكَ الْخَيْرُ إِنَّكَ عَلَى كُلِّ شَيْءٍ قَدِيرٌ (ال عمران)**

**عن شهر بن حوشب : قال : «قلتُ لأُمِّ سلمة - رضي الله عنها -: يا أُمَّ المؤمنين ، ما كان أَكْثَرُ دُعاءِ رسولِ الله -صلى الله عليه وسلم- إِذَا كان عندكِ ؟ قالت: كان أَكْثَرُ دُعَائِه: يا مُقَلِّبَ القُلوب ثَبِّت قَلْبي علي دينك ، قالت: فقلتُ له : يا رسولَ الله ، ما أَكْثَرَ دُعَائِكَ بهذا ؟ قال : يا أَمَّ سلمة ، إنه ليس آدَميٌّ إلا وقلبُه بين إِصْبَعيْنِ من أصابع الله ، فمن شاء أقام ، ومن شاء أزَاغَ» (ترمذي)**

**HADIA CSE Khutba Notes (17.01.2020)**

**പൗരത്വ നിയമം; ഇനിയെന്ത്?**

അതുകൊണ്ട് ഇത്തരുണത്തിൽ നമ്മുടെ ആവലാതി അവനോടല്ലേ ആദ്യം പറയേണ്ടത്?! ഏത് ന്യായാധിപന്റെ മനസ്സിനെയും നമുക്ക് അനുകൂലമാക്കി മാറ്റുവാനും ഏത് ഏകാധിപതിയുടെ അധികാരം എടുത്ത് കളയാനും അല്ലാഹുവിന് നിഷ്പ്രയാസം സാധ്യമാണ്. മുമ്പ് ഖുലഫാഉർ റാശിദുകളുടെ കാലത്ത് യുദ്ധമുണ്ടാവുമ്പോൾ സേനാനായകൻമാർ തലേന്ന് രാത്രി സൈനികരുടെ ടെന്റിനടുത്ത് കൂടെ നടക്കുമായിരുന്നത്രേ! എല്ലാവരും ഉറങ്ങിക്കിടക്കുമ്പോൾ ആരെങ്കിലും ഉണർന്ന് പ്രാർഥിക്കുന്നത് കണ്ടാൽ അവർ പറയും: നാളെ ഇവിടെ നിന്നാണ് നമുക്ക് വിജയമുണ്ടാവുക. ബദ്റിൽ പ്രവാചകന് വിജയം വാഗ്ദാനം ചെയ്തുകൊണ്ടുള്ള ആയത്ത് (അൻഫാൽ 9) ഇറങ്ങിയത് അവിടന്ന് ദുആ ചെയ്തപ്പോഴാണ്.

(ഡി) പ്രാർഥിക്കുമ്പോൾ അത് പെട്ടെന്ന് സ്വീകരിക്കപ്പെടാനുള്ള വഴികൾ കൂടി നാം ചെയ്യാൻ ശ്രദ്ധിക്കണം. (ഉദാ, വരുന്ന തിങ്കളാഴ്ച നോമ്പ് നോൽക്കുക, മഹല്ല് തലത്തിൽ പ്രത്യേക പ്രാർഥന സദസ്സുകൾ സംഘടിപ്പിക്കുക.) ഇത്തരം ചില മാർഗങ്ങൾ ഇമാം ഗസാലി (റ) പറയുന്നു:

**الأول أن يترصد لدعائه الأوقات الشريفة كيوم عرفة من السنة ورمضان من الأشهر ويوم الجمعة من الأسبوع ووقت السحر من ساعات الليل.**

**الثاني أن يغتنم الأحوال الشريفة مثل عند نزول الغيث وعند إقامة الصلوات المكتوبة وقال صلى الله عليه و سلم الدعاء بين الأذان والإقامة لا يرد.**

**الثالث أن يدعو مستقبل القبلة ويرفع يديه بحيث يرى بياض إبطيه.**

**الرابع خفض الصوت بين المخافتة والجهر.**

**الخامس أن لا يتكلف السجع في الدعاء فإن حال الداعي ينبغي أن يكون حال متضرع والتكلف لا يناسبه قال صلى الله عليه و سلم سيكون قوم يعتدون في الدعاء.**

**السادس التضرع والخشوع والرغبة والرهبة (احياء علوم الدين)**

(ഇ) എന്നാൽ ഏറ്റവും പ്രധാനം മഹാനവറുകൾ അവസാനം പറഞ്ഞ മര്യാദ തന്നെയാണ്. അഥവാ, പരമാവധി തെറ്റുകുറ്റങ്ങൾ വെടിഞ്ഞ് പശ്ചാതപിച്ച് പ്രാർഥിക്കുക.

**العاشر وهو الأدب الباطن وهو الأصل في الإجابة التوبة ورد المظالم والإقبال على الله عز و جل بكنه الهمة فذلك هو السبب القريب في الإجابة.**

(എഫ്) എന്താണ് പ്രാർഥിക്കേണ്ടത്? ഒറ്റവാക്കിൽ പറയാം, ശത്രുക്കളുടെ പരാജയത്തിനും നമ്മുടെ വിജയത്തിനും. ഒപ്പം ഇത്തരം സന്ദർഭങ്ങളിൽ പ്രാർഥിക്കാൻ വിശ്വാസികൾ കൽപിക്കപ്പെട്ട ദുആകൾ പ്രത്യേകം വർധിപ്പിക്കുന്നത് കൂടുതൽ സംഗതമായിരിക്കും. ചിലവ ഇവിടെ ചേർക്കുന്നു.

**رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِين (البقرة)**

**اللَّهُمَّ مُنْزِلَ الْكِتَابِ، وَمُجْرِيَ السَّحَابِ، وَهَازِمَ الأَحْزَابِ اهْزِمْهُمْ وَانْصُرْنَا عَلَيْهِم (متفق عليه)**

**اللَّهُمَّ إِنِي أعوذ بك من غَلَبَةِ الدَّيْنِ وغلبة العَدُوِّ، وشماتة الأعداء (احمد)**

**اللهم انصُرْنا عَلَى مَنْ يَظْلِمُنا وَخُذْ مِنْهُ بِثَأْرنا (ترمذي)**

## HADIA CSE Khutba Notes (17.01.2020)

### പൗരത്വ നിയമം; ഇനിയെന്ത്?

**اللَّهمَّ إنَّا نَجْعَلُك في نُحورهم ، ونَعوذ بك من شرورهم (ابو داود)**

(ജി) അങ്ങനെ മുൻനിശ്ചയ പ്രകാരം കോടതി കേസ് പരിഗണിച്ച് 22 നു ശേഷം ഉചിതമായ ഒരു തീർപ്പ് കൽപിക്കുമല്ലോ! ഇവിടെ രണ്ടാലൊരു സാധ്യതയാണ് രാഷ്ട്രീയ-നിയമ വിദഗ്ധർ കാണുന്നത്. ഒന്നിരിക്കൽ കോടതി ഇപ്പോഴത്തെ സന്ദിഗ്ധ സാഹചര്യം മനസ്സിലാക്കി പ്രമാദമായ ഇഅഅ യെ താൽക്കാലികമായി മരവിപ്പിക്കുകയോ അല്ലെങ്കിൽ അതിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര ഗവർമെന്റിനോട് നിർദേശിക്കുകയോ ചെയ്യും. ഇങ്ങനെ ഒരു നിരീക്ഷണം കോടതി നടത്തുന്ന പക്ഷം നാം ഒറ്റയടിക്ക് അതിനെ സ്വാഗതം ചെയ്ത് നമ്മുടെ സമരപരിപാടികൾ അവസാനിപ്പിക്കരുത്. മറിച്ച് മതേതര നേതൃത്വവും നമ്മുടെ മതനേതൃത്വവും എന്ത് നിർദേശമാണ് നൽകുന്നതെന്ന് നോക്കി നാം വളരെ ജാഗ്രതയോടെ ഇരിക്കുക. മേൽപറഞ്ഞ പ്രകാരം വല്ല വിധിയും കോടതിയുടെ ഭാഗത്ത് നിന്ന് വന്നാൽ അതിന്റെ പിന്നിൽ ചില ഗൂഢലക്ഷ്യമുണ്ടാവാം. അത് നാം തിരിച്ചറിയുക.

(എച്ച്) രണ്ടാമത്തെ ഒരു സാധ്യത കോടതി, നിലവിൽ നിയമമായ ഇഅഅ ക്ക് അംഗീകാരം നൽകുകയും എതിരായി സമർപിക്കപ്പെട്ട എല്ലാ ഹരജികളും തള്ളുകയും ചെയ്യും. അങ്ങനെ വന്നാൽ നാം എന്ത് ചെയ്യണം? യാതൊരു ശങ്കയും വേണ്ട, നമ്മുടെ സമരപരിപാടികളുമായി മുന്നോട്ട് പോവുക തന്നെ! അല്ലാതെ കോടതി പറഞ്ഞതാണെന്നും പറഞ്ഞ് മിണ്ടാതിരുന്നാൽ ബാബരി - മുത്വലാഖ് - കശ്മീർ വിഷയങ്ങളിലെ അതേ അനുഭവം ഇക്കാര്യത്തിലും ആവർത്തിക്കപ്പെടും. മാത്രമല്ല, ഏകസിവിൽകോഡ് പോലെ കൂടുതൽ അപകടകരമായ നിയമം പാർലമെന്റിൽ പാസാക്കി കോടതിയെക്കൊണ്ട് അംഗീകരിപ്പിക്കാൻ അത് ഭരണകക്ഷികൾക്ക് കൂടുതൽ ധൈര്യം നൽകും. അത് നാം അനുവദിച്ച് കൂടാ.

(ഐ) ഇവിടെ വളരെ പ്രസക്തമായ ഒരു ചോദ്യം ഉയർന്നുവരാം. പരമോന്നത നീതിപീഠം ഒരു വിധി പ്രസ്താവിച്ചാൽ അതിനെതിരെ പ്രതിഷേധിക്കുന്നത് കോടതിയലക്ഷ്യമാവില്ലേ? ഒരിക്കലും ഇല്ല. കാരണം, ഭരണകൂടത്തെയോ ഉദ്യോഗസ്ഥരെയോ വിമർശിക്കാനുള്ള മൗലിക അവകാശം നമ്മുടെ നിയമവ്യവസ്ഥ നമുക്ക് നൽകുന്നുണ്ട്. പ്രധാനമന്ത്രിയോ രാഷ്ട്രപതിയോ കോടതിയോ പോലും ഇന്ത്യയിൽ വിമർശനത്തിനതീതരല്ല. അടുത്ത് പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രതിഷേധിച്ച ചിലരെ പോലീസ് കസ്റ്റഡിയിൽ എടുത്തപ്പോൾ കൊൽക്കത്ത ഹൈക്കോടതി ഇപ്രകാരം നിരീക്ഷിച്ചത് നാം അറിഞ്ഞിരിക്കണം: In a democratic country, a peaceful demonstration cannot be prevented, as it is the backbone of the democratic setup. നിരന്തരമായ എതിർപ്പുകൾ കാരണം കോടതികൾ വരെ ചില വിധികളിൽ പുനരാലോചന നടത്തിയതിന് നിരവധി ഉദാഹരണങ്ങളുണ്ട് (ശബരിമല സ്ത്രീ പ്രവേശം അനുസ്മരിക്കുക.).

(ജെ) ഇനി അങ്ങനെ ഒരു വകുപ്പ് ഇല്ലെങ്കിൽ തന്നെ എത്രകാലം നമുക്ക് ക്ഷമ അവലംബിച്ചും ശത്രുക്കളുടെ തിട്ടൂരങ്ങൾക്ക് തലവച്ച് കൊടുത്തും ജീവിക്കാൻ കഴിയും?! ഖുർആൻ മറിച്ച് നോക്കൂ, നമ്മൾ വിശ്വാസികൾ എതിർപ്പുകൾക്ക് മുന്നിൽ ഓഛാനിച്ചു നിൽക്കാത്ത അഭിമാനികളും (അൽ മുനാഫിഖൂൻ 8) ധീരൻമാരുമാണ്. ഭീഷണിപ്പെടുത്തുകയോ പേടിപ്പിക്കുകയോ ചെയ്തപ്പോൾ നമ്മുടെ മുൻഗാമികൾ കാണിച്ച സ്ഥിരതയും മന:ശക്തിയും ധൈര്യവും ഖുർആൻ ധാരാളം ആയത്തുകളിലൂടെ വർണിക്കുന്നുണ്ട്.

**فَلَمَّا جَاوَزَهُ هُوَ وَالَّذِينَ آمَنُوا مَعَهُ قَالُوا لَا طَاقَةَ لَنَا الْيَوْمَ بِجَالُوتَ وَجُنُودِهِ قَالَ الَّذِينَ يَظُنُّونَ أَنَّهُمْ مُلَاقُو اللَّهِ كَمْ مِنْ فِئَةٍ قَلِيلَةٍ غَلَبَتْ فِئَةً كَثِيرَةً بِإِذْنِ اللَّهِ وَاللَّهُ مَعَ الصَّابِرِينَ (البقرة) وَكَأَيِّنْ مِنْ نَبِيٍّ قَاتَلَ مَعَهُ رِبِّيُّونَ كَثِيرٌ فَمَا وَهَنُوا لِمَا أَصَابَهُمْ فِي سَبِيلِ اللَّهِ وَمَا ضَعُفُوا وَمَا اسْتَكَانُوا وَاللَّهُ يُحِبُّ الصَّابِرِينَ (ال عمران) الَّذِينَ قَالَ لَهُمُ النَّاسُ إِنَّ النَّاسَ قَدْ جَمَعُوا لَكُمْ فَاخْشَوْهُمْ فَزَادَهُمْ إِيمَانًا وَقَالُوا حَسْبُنَا اللَّهُ وَنِعْمَ الْوَكِيلُ (ال عمران) قَالَ رَجُلَانِ مِنَ الَّذِينَ يَخَافُونَ أَنْعَمَ اللَّهُ عَلَيْهِمَا ادْخُلُوا عَلَيْهِمُ الْبَابَ فَإِذَا دَخَلْتُمُوهُ فَإِنَّكُمْ غَالِبُونَ وَعَلَى اللَّهِ فَتَوَكَّلُوا إِنْ كُنْتُمْ مُؤْمِنِينَ (مائدة) لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُمْ مِنْ خِلَافٍ ثُمَّ لَأُصَلِّبَنَّكُمْ أَجْمَعِينَ قَالُوا إِنَّا إِلَى رَبِّنَا مُنْقَلِبُونَ (اعراف)**

(കെ) അതുകൊണ്ട് എക്കാലത്തും ഇക്കാണുന്ന സുഖശീതളിമയിൽ ജിവിക്കാം എന്ന് നാം ശഠിക്കുകയോ അത് സ്വപ്നം കാണുകയോ ചെയ്യരുത്. പരീക്ഷണങ്ങൾ അനുഭവിച്ച് അതിൽ

## HADIA CSE Khutba Notes (17.01.2020)

**പൗരത്വ നിയമം; ഇനിയെന്ത്?**

വിജയം വരിക്കാതെ എങ്ങനെ നമ്മുടെ വിശ്വാസത്തിന്റെ മാറ്റ് നമുക്ക് സ്രഷ്ടാവിന്റെ മുമ്പിൽ തെളിയിക്കാൻ കഴിയും? രണ്ട്മൂന്ന് ആയത്തുകൾ പലവട്ടം ഒന്ന് ഓതി നോക്കൂ!

**لَتُبْلَوُنَّ فِي أَمْوَالِكُمْ وَأَنْفُسِكُمْ وَلَتَسْمَعُنَّ مِنَ الَّذِينَ أُوتُوا الْكِتَابَ مِنْ قَبْلِكُمْ وَمِنَ الَّذِينَ أَشْرَكُوا أَذًى كَثِيرًا وَإِنْ تَصْبِرُوا وَتَتَّقُوا فَإِنَّ ذَلِكَ مِنْ عَزْمِ الْأُمُورِ (ال عمران) أَحَسِبَ النَّاسُ أَنْ يُتْرَكُوا أَنْ يَقُولُوا آمَنَّا وَهُمْ لَا يُفْتَنُونَ وَلَقَدْ فَتَنَّا الَّذِينَ مِنْ قَبْلِهِمْ فَلَيَعْلَمَنَّ اللَّهُ الَّذِينَ صَدَقُوا وَلَيَعْلَمَنَّ الْكَاذِبِينَ (العنكبوت)**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: +919496445823**